ആവശ്യമാണെന്ന സാങ്കേതിക സമിതിയുടെ നിർദ്ദേശം അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സങ്കേതിക സംവിധാനങ്ങൾ CAPE എഞ്ചിനീയറിംഗ് കോളേജിൽ ഇല്ലാത്തതിനാൽ സർക്കാർ അക്രെഡിറ്റഡ് എജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ആശയ വിനിമയം നടത്തിവരുന്നു.

(ബി) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനം ഉടൻ ഏറ്റെടുക്കുന്നതാണ്.

ഭൂമി രജിസ്ട്രേഷനും അണ്ടർ വാല്യുവേഷനും

284(298) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ന്യായവിലയെക്കാൾ കുറച്ച് വസ്തു കൈമാറ്റ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാൻ കഴിയില്ല എന്ന സാഹചര്യം നിലവിലുണ്ടോ?

ഉണ്ട്; കേരള മുദ്രപ്പത്ര ആക്ടിലെ 45-എ വകുപ്പ് പ്രകാരം, ആധാരത്തിൽ കാണിച്ചിട്ടുള്ള വസ്തുവിന്റെ വില അല്ലെങ്കിൽ പ്രതിഫലം ന്യായവിലയിൽ കുറവല്ല എന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോദ്ധ്യമായാൽ മാത്രമേ ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. ആധാരത്തിൽ കാണിച്ചിട്ടുള്ള വസ്തുവിന്റെ വില അല്ലെങ്കിൽ പ്രതിഫലം ന്യായവിലയിൽ കുറവാണെങ്കിൽ, ന്യായവില പ്രകാരമുള്ള ശരിയായ മുദ്രവില അടയ്ക്കാൻ രജിസ്റ്ററിംഗ് ഓഫീസർ നോട്ടീസ് നൽകുകയും ഏഴ് ദിവസങ്ങൾക്കുള്ളിൽ അപ്രകാരം ശരിയായ മുദ്രവില അടച്ചാൽ ആധാരം രജിസ്റ്റർ ചെയ്തുനൽകുന്നതുമാണ്.

(ബി) എങ്കിൽ ഇത്തരം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചശേഷം രജിസ്ട്രേഷൻ ഉദ്യോഗസ്ഥർമുഖേന അണ്ടർ വാല്യുവേഷൻ നോട്ടീസ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വസ്തുവിന്റെ വില/പ്രതിഫലം അല്ലെങ്കിൽ ന്യായവില ഇതിൽ ഏതാണോ കൂടുതൽ അതിനാണ് മുദ്രവില ചുമത്തേണ്ടത്. കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 45-ബി പ്രകാരം വസ്തു കൈമാറ്റം നടന്നശേഷം, അതിലെ വസ്തുവിന്റെ വില/പ്രതിഫലം ശരിയായിട്ടല്ല നിർണ്ണയിച്ചതെന്ന് പിന്നീട് ശ്രദ്ധയിൽപ്പെട്ടാൽ വാല്യുവേഷൻ നോട്ടീസ് നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) അണ്ടർ വാല്യുവേഷൻ കേസ്സുകൾ അവസാനിപ്പിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളെകുറിച്ച് വ്യക്തമാക്കുമോ?

1. 2010-ൽ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020 വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിച്ചു.

2. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂനഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്ടിലൂടെ ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി.

3. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥ 2020 ഏപ്രിൽ 1 മുതൽ ബാധകമാക്കി.

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

285(299) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ ആധുനീകരിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന പരിപാടികൾ മുൻ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയിരുന്നു.

(1) വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി. (2) സ്വയം ആധാരം തയ്യാറാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും സബ്രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്യുന്ന ആധാരപകർപ്പുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനുമായി ഫയലിംഗ് ഷീറ്റുകളുടെ രൂപം എ 3 സൈസിൽനിന്നും